(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച് ചൈനയുമായി ഒപ്പിടാൻ ഉദ്ദേശിക്കുന്ന കരാറിന്റെ കരടു രൂപം വൈദ്യുതി ബോർഡിന്റെ ഫൈനാൻഷ്യൽ അഡ്വൈസറുടെ പരിഗണനയ്ക്കു സമർപ്പിച്ചുവോ;

(ബി) എങ്കിൽ ഫൈനാൻഷ്യൽ അഡ്വൈസർ ഇതു സംബന്ധിച്ച് എന്തെല്ലാം അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്;

(സി) ഇതിൽ എന്തെല്ലാം അഭിപ്രായം സ്വീകരിച്ചു;

(ഡി) ബാക്കി അഭിപ്രായങ്ങൾ സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)(ബി)(സി)&(ഡി)കരാറിന്റെ കരടു രൂപം തയ്യാറാക്കുന്നതിനു വേണ്ടിയുള്ള വിശദമായ പഠനം വൈദ്യുതി ബോർഡ് നടത്തിക്കൊണ്ടിരിക്കുകയാണ്.

57 (223) ചെറുകിട വൈദ്യുത നിലയങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വൈദ്യുത നിലയങ്ങൾ ചൈനീസ് സഹകരണത്തിൽ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ചൈനീസ് സഹകരണത്തിന്റെ വ്യാപ്തി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചൈനീസ് സഹകരണത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ഡി) ഈ പദ്ധതിപ്രകാരം ഒരു മെഗാവാട്ടിനുള്ള നിർമ്മാണ ചെലവിലെ ലാഭം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) ഇതിനുള്ള ധാരണാപത്രവും കരാറും ഒപ്പുവച്ചു കഴിഞ്ഞോ;

(എഫ്) കരാർ ഒപ്പുവയ്ക്കുന്നതിനുമുമ്പ് ഏതെല്ലാം വിദഗ്ദ്ധരുടെ അഭിപ്രായം സ്വരൂപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) വിദഗ്ദ്ധരുടെ അഭിപ്രായം കണക്കിലെടുത്ത് കരാറിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ ചൈനയിൽ നിന്നും സാമ്പത്തികവും, സാങ്കേതികവുമായ സഹകരണം ലഭ്യമാക്കുന്നതാണ്.

(സി) ചൈനീസ് സഹകരണത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇവയിൽ താഴെ പറയുന്ന നാലു പദ്ധതികളുടെ രൂപ രേഖ തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1) ചെമ്പുകടവ്-ഒന്നാംഘട്ടം -2.7 മെഗാവാട്ട്

(2) ചെമ്പുകടവ്-രണ്ടാംഘട്ടം -3.75 മെഗാവാട്ട്

(3) ഉറുമി-ഒന്നാംഘട്ടം -3.75 മെഗാവാട്ട്

(4) ഉറുമി-രണ്ടാംഘട്ടം -2.40 മെഗാവാട്ട്

(ഡി) പദ്ധതി പൂർത്തിയാക്കി വൈദ്യുതി ഉൽപ്പാദിക്കപ്പെടുമ്പോൾ ഉള്ള മൊത്തം ചെലവ് കണക്കാക്കിയാലേ ഇത് അറിയാനാവൂ.

(ഇ) ധാരണാപത്രം ഒപ്പുവച്ചു കഴിഞ്ഞു.

(എഫ്) വൈദ്യുതി ബോർഡിലെ സാങ്കേതിക വിദഗ്ദ്ധരുടെയും സാമ്പത്തിക വിദഗ്ദ്ധരുടെയും അഭിപ്രായം സ്വരൂപിച്ചുകൊണ്ട് കരാറിന് അന്തിമ രൂപം നൽകി വരുന്നു.

(ജി) കരാറിന് രൂപം നൽകി വരുന്നതേയുള്ളൂ.

58 (224) ചെറുകിട വൈദ്യുതി നിലയങ്ങൾ ചൈനീസ് സഹകരണത്തിൽ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് നടപടി

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വൈദ്യുതി നിലയങ്ങൾ ചൈനീസ് സഹകരണത്തോടെ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ചൈനീസ് സഹകരണത്തിന്റെ വ്യാപ്തി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചൈനീസ് സഹകരണത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം ഒരു മെഗാവാട്ടിനുള്ള നിർമ്മാണചെലവിലെ ലാഭം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) ഇതിനുള്ള ധാരണപത്രവും കരാറും ഒപ്പുവച്ചു കഴിഞ്ഞോ;

(എഫ്) കരാർ ഒപ്പുവയ്ക്കുന്നതിനു മുമ്പ് ഏതെല്ലാം വിദഗ്ദ്ധരുടെ അഭിപ്രായം സ്വരൂപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) വിദഗ്ദ്ധരുടെ അഭിപ്രായം കണക്കിലെടുത്ത് കരാറിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ ചൈനയിൽ നിന്നും സാമ്പത്തികവും സാങ്കേതികവുമായ സഹകരണം ലഭ്യമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly